ക്കുകയെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കേരളം കണ്ട സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രമുഖനും കവിയും സാഹിത്യകാരനും കൊച്ചി നിയമസഭാംഗവുമായിരുന്ന കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ അവശ ജനോദ്ധാരകനും കോളേജ് അദ്ധ്യാപകനുമായിരുന്നു. ആ വലിയ വ്യക്തിത്വത്തെ ഇനിയും വേണ്ടവിധത്തിൽ കേരളം ആദരിച്ചിട്ടില്ല. സാമൂഹ്യരംഗത്തെ ഉച്ചനീചത്വങ്ങൾക്ക് എതിരെ ശക്തമായി സമരം നയിക്കുകയും തന്റെ സാഹിത്യകൃതികളിലൂടെ പിന്നോക്കസമുദായങ്ങളും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളും അനുഭവിച്ചിരുന്ന പീഡനങ്ങൾക്കെതിരെ സമരകാഹളം മുഴക്കുകയും ചെയ്ത കവിതിലകന്റെ ജാതി കമ്മി, ബാലാകലേശം തുടങ്ങിയ കൃതികൾ ഏറെ പ്രസക്തമാണ്. അദ്ദേഹത്തിന്റെ സമ്പൂർണ്ണ കൃതികൾ ഇടക്കഞ്ചി, ജ്ഞാനോദയം സഭ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടേയും ധീവര സമുദായത്തിന്റെയും സംഘടനാ നേതാവ് കൂടിയായിരുന്ന കവിതിലകന്റെ കൃതികൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് 9-ാം കേരള നിയമസഭയിൽ ഞാൻ ചോദിച്ച 500-ാം നമ്പർ ചോദ്യത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. വാസ്തവത്തിൽ കഴിഞ്ഞ കുറേവർഷങ്ങളായി അദ്ദേഹത്തിന്റെ കൃതികളെ നമ്മുടെ നാട് അവഗണിച്ചിരിക്കുകയാണ്. അത് പ്രതിഷേധാർഹമാണ്. പണ്ഡിറ്റ് കറുപ്പന്റെ കൃതികളും ജീവിതകഥകളും പാഠപുസ്തകഭാഗങ്ങളായും ഉപപാഠപുസ്തകമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): സർ, പണ്ഡിറ്റ് കറുപ്പന്റെ സംഭാവനകൾ ഇപ്പോൾത്തന്നെ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ കൃതികൾ ഉപപാഠപുസ്തകമായോ കൃതികളിൽനിന്നുള്ള ഭാഗങ്ങൾ പാഠപുസ്തകഭാഗമായോ പഠിപ്പിക്കുന്നില്ല. 1999-2000 അക്കാദമിക് വർഷത്തിൽ പുറത്തിറക്കേണ്ട പുസ്തകങ്ങൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ രൂപീകരിക്കുന്ന ശില്പശാലകൾ വഴിയാണ് ഓരോ ക്ലാസിലേയും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ട പാഠ്യഭാഗങ്ങൾ തെരഞ്ഞെടുക്കുന്നത്. അപ്രകാരം തെരഞ്ഞെടുക്കുന്ന പാഠഭാഗങ്ങൾ, സംസ്ഥാന കരിക്കുലം കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്കുശേഷമാണ് പ്രസിദ്ധീകരിക്കുന്നതിനായി അനുവദിക്കുന്നത്. അതുകൊണ്ട് വരുംവർഷത്തിൽ തീർച്ചയായും ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പണ്ഡിറ്റ് കറുപ്പന്റെ സംഭാവനകൾ, വിലപ്പെട്ട പുസ്തകങ്ങൾ, അതിലെ ചില ഭാഗങ്ങൾ എന്നിവ കരിക്കുലത്തിൽ ഉൾക്കൊള്ളിക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

(11) മരം കയറ്റത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

<u>ശ്രീ. എ. കണാരൻ</u> : സർ, കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് തെങ്ങ്, പന, കവുങ്ങ് കയറ്റതൊഴിലാളികൾ. 1975-ലെ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം തെങ്ങ് കയറ്റതൊഴിലാളികളെ മാത്രം കർഷകത്തൊഴിലാളികളായി പരിഗണിച്ചുവരുന്നുണ്ട്. ഏറ്റവുമധികം അപകടം സംഭവിക്കാവുന്ന മേഖലയിൽ പണിയെടുക്കുന്നവരാണ് അവർ. കഠിനവും സാഹസികവുമായ തൊഴിലിൽ ഏർപ്പെട്ടി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന ഈ തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണ സംവിധാനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. മൂന്നരലക്ഷത്തോളം വരുന്ന ഈ വിഭാഗത്തിന് കർഷകത്തൊഴിലാളി സംരക്ഷണനിയമം വ്യവസ്ഥ ചെയ്യുന്നത് അനുസരിച്ചുള്ള പെൻഷൻ തുടങ്ങിയ പരിമിതമായ ചില ആനുകൂല്യങ്ങൾ മാത്രമാണ് ലഭിച്ചുവരുന്നത്. തെങ്ങ്, കവുങ്ങ്, മരം കയറ്റതൊഴിലാളികൾക്ക് നാളിതുവരെയായി സംസ്ഥാനത്ത് ഏകോപിതമായ ഒരു കൂലിവ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. തെങ്ങ് കയറ്റത്തൊഴിലാളികൾക്കുവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മിനിമം കൂലി 100 തെങ്ങിന് 75 രൂപയും 25 തെങ്ങിന് 8 നാളികേരവുമാണ്. ഇത് ഇന്നത്തെ വിലനിലവാരവുമായി തീരെ പൊരുത്തപ്പെടാത്തതാണ്. തെങ്ങുകയറ്റതൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പാക്കാൻ ഇന്ന് വ്യവസ്ഥകളൊന്നുമില്ല. തെങ്ങിൻതോട്ടങ്ങൾ ഒന്നിച്ചോ ചില്ലറയായോ വിൽക്കുമ്പോഴും വെട്ട് തെങ്ങ് സഹകരണസംഘങ്ങളെ ഏൽപ്പിക്കുമ്പോഴും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ ചികിൽസ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം ഇന്ന് ആർക്കുമില്ല. യാതൊരു തൊഴിൽ നിയമ വ്യവസ്ഥകളും അവർക്ക് ബാധകമല്ല. ജോലിക്കിടയിൽ അപകടംമൂലം മരണപ്പെടുന്ന തൊഴിലാളികളുടെ അനാഥരായിത്തീരുന്ന കുടുംബങ്ങളുടെ സംരക്ഷണത്തിനും ജീവിതത്തിനും ഉറപ്പില്ലാത്ത ഇപ്പോഴത്തെ അവസ്ഥ കാരണം ഈ ജോലിതന്നെ ആളുകൾ വേണ്ടെന്ന് വച്ചിരിക്കുകയാണ്. മരംകയറ്റത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ ഗവൺമെന്റിൽനിന്ന് ആകെ ലഭിക്കുന്നത് പരിമിതമായ സഹായം മാത്രമാണ്. അതുപോലും യഥാസമയം ലഭിക്കുന്നില്ല. അപകടത്തെത്തുടർന്ന് സാമ്പത്തികസഹായത്തിനുവേണ്ടി അപേക്ഷിച്ച വളരെയധികം പേർക്ക് ധനസഹായം ഇനിയും നൽകാനുണ്ട്. തൊഴിലാളി മരണപ്പെട്ടാൽ നൽകുന്നത് പതിനായിരം രൂപയും ഗുരുതരമായ അപകടം സംഭവിച്ചാൽ നൽകുന്നത് 5,000 രൂപയുമാണ്. അതുതന്നെ കുടിശ്ശികയാണ്. 1998 വരെ അപേക്ഷിച്ച 234 പേർക്ക് സാമ്പത്തിക സഹായമായി 22,55,000 രൂപ കൊടുക്കാനുണ്ട്. മരണാനന്തര സഹായമായി 120 അപേക്ഷകളിന്മേൽ ലഭിക്കേണ്ട 12 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ട്. അതും നൽകിയിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മരം കയറ്റത്തൊഴിലാളികളുടെ 219 അപേക്ഷകളിന്മേൽ യാതൊരു തീർപ്പും ഇതുവരെ കല്പിച്ചിട്ടില്ല. തെങ്ങുകയറ്റത്തൊഴിലാളികളെ ബാധിക്കുന്ന സജീവ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കുവേണ്ടി പ്രത്യേകമായ ക്ഷേമപദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തെങ്ങ് കയറ്റത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ഒരു അന്വേഷണകമ്മിഷനെ നിയമിക്കേണ്ടതായിട്ടുണ്ട്. പെൻഷൻ പ്രായം 60-ൽ നിന്ന് 55 ആക്കുമെന്ന് മുൻതൊഴിൽ വകുപ്പുമന്ത്രി ഉറപ്പു നൽകിയതാണ്. ഭൂമി കൈമാറ്റംചെയ്യുമ്പോഴും സഹകരണസംഘങ്ങൾക്ക് വെട്ടുതെങ്ങ് നൽകുമ്പോഴും തൊഴിൽ വസരങ്ങൾ ഉറപ്പുവരുത്തണം. അപകടത്തെത്തുടർന്ന് ജോലി ചെയ്യാൻ കഴിയാതെവന്നാൽ നഷ്ടപരിഹാരത്തുക നൽകണം. പ്രായപരിധി നോക്കാതെ അന്നുമുതൽ പെൻഷൻ നൽകണം.

അതുപോലെതന്നെ അപകടം സംഭവിച്ചുകഴിഞ്ഞാലുള്ള ചികിത്സാസഹായം ഒരു ലക്ഷംരൂപയായി ഉയർത്തണം. അപകടമരണം സംഭവിച്ച തൊഴിലാളിയുടെ അനാഥമായ കുടുംബത്തിന് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥയുണ്ടാകണം. ചികിൽസയ്ക്കുള്ള തുകയും നഷ്ടപരിഹാരത്തുകയും സമയബന്ധിതമായി നൽകാനുള്ള സംവിധാനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുമുണ്ടാക്കണം. തെങ്ങു കയറ്റത്തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കണം. കോഴിക്കോട് ജില്ലാ പഞ്ചായത്ത്, തെങ്ങ് കയറ്റത്തൊഴിലാളികൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളിയുടെ കയ്യിൽനിന്ന് ചെറിയ ഒരു പ്രീമിയം അതായത് 10 രൂപ വാങ്ങിച്ച് 50 രൂപ ജില്ലാ പഞ്ചായത്ത് വഴി നൽകി, ഒരു ലക്ഷം രൂപ അവർക്ക് കൊടുക്കാനുള്ള പദ്ധതി ഉണ്ട്. എന്റെ നിർദ്ദേശം ഇതു സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി തീരുമാനമുണ്ടാക്കണമെന്നാണ്. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഒന്നോരണ്ടോ പേരെവീതം നോമിനേറ്റ് ചെയ്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് ആറുമാസം കൊണ്ട് ഇതിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് ഒരു നിയമ നിർമ്മാണം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച മരംകയറ്റത്തൊഴിലാളികളെ സംബന്ധിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. ഇത്ര കഷ്ടത അനുഭവിക്കുന്ന നിരപരാധികളായ വേറെ ഒരു വിഭാഗം തൊഴിലാളികളുമില്ല. അവരുടെ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. മരം കയറ്റത്തൊഴിലാളികളുടേയും കവുങ്ങ് കയറ്റ തൊഴിലാളികളുടേയും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് ഒരു മിനിമം വേതന കമ്മിറ്റിയെ നിയമിക്കാൻ തീരുമാനിക്കുകയും ഇക്കാര്യത്തിന് 7.4.1999-ന് മന്ത്രിസഭയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫിന്റെ പോസ്റ്റ് ക്രിയേഷനു വേണ്ടി മന്ത്രിസഭയുടെ അനുമതി വേണ്ടിവന്നു. കഴിഞ്ഞ 7-ാം തീയതി കൂടിയ മന്ത്രിസഭ അതിന് അനുമതി നൽകിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നത് വിശദമായ തെളിവെടുപ്പിന് ശേഷമാണ്. കേരളത്തിലെ മരംകയറ്റത്തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ക്ഷേമനിധി രൂപീകരിക്കുന്നതിനായി ലേബർ കമ്മിഷണർ സമർപ്പിച്ച ബിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. മരംകയറ്റത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചും അവർക്ക് നൽകേണ്ട പരിരക്ഷയെ സംബന്ധിച്ചും പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന നിർദ്ദേശം പ്രായോഗികമാണോയെന്ന് ഗവണ്മെന്റ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(12) ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എളമരം കരീം : സർ, നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വളരെ ഗൗരവമായ ഒരു പ്രശ്നം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മത്സ്യത്തൊഴിലാളികൾ കടലിൽപോയി പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കരയ്ക്കിറക്കുന്നതിനും വിപണനം നടത്തുന്നതിനും പരിമിതമായ ഫിഷിംഗ് ഹാർബർ സൗകര്യം മാത്രമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. നിലവിലുള്ള ഫിഷിംഗ് ഹാർബറുക

LIBRARY ARCHIVES Kerala Legislative Assembly